# വിജ്ഞാപനം

**നമ്പർ: 30/2010/സംതിക** **തിരുവനന്തപുരം, 2010 ജനുവരി 19**

സംസ്ഥാനത്ത് കണ്ണൂർ ജില്ലയിലെ ജി 75 കണിച്ചാർ ഗ്രാമപഞ്ചായത്തിലെ 05 ആറ്റാംചേരി നിയോജകമണ്ഡലത്തിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ജനുവരി 1-ാം തീയതി കേരള അസാധാരണ ഗസറ്റിൽ കമ്മീഷന്റെ 05/2010/സംതിക നമ്പർ വിജ്ഞാപനപ്രകാരം "ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായി 2010 ജനുവരി 28 (വ്യാഴം)" ആയി നിശ്ചയിച്ചിട്ടു ്.

വോട്ടെടുപ്പിന് മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമം പ്രസ്തുത നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടു ്. എന്നാൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് കേന്ദ്രമായ ഡോ. പൽപ്പു മെമ്മോറിയൽ യു.പി. സ്കൂൾ കോമ്പൗ ിന് 50 മീറ്റർ അകലെയായുള്ള ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ഉത്സവം 20.01.2010 മുതൽ 31.01.2010 വരെ നടക്കുന്നതിനാൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് തടസ്സം നേരിടുമെന്നും തിരഞ്ഞെടുപ്പിന്റെ രഹസ്യ സ്വഭാവത്തെയും സ്ഥലത്തെ ക്രമസമാധാനത്തെയും ബാധിക്കുമെന്നും വരണാധികാരി ജില്ലാ കളക്ടർ മുഖേന കമ്മീഷന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് കമ്മീഷന് ബോധ്യമായതിനാലും 2010 ജനുവരി 1-ാം തീയതിയിലെ കമ്മീഷന്റെ 05/2010/സംതിക നമ്പർ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി ഭേദഗതി ചെയ്ത് പുതുക്കി നിശ്ചയിക്കേ ത് ആവശ്യമായിരിക്കുന്നു. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 49-ാം വകുപ്പും ഇൻഡ്യൻ ഭരണഘടനയിലെ 243 (കെ) അനുച്ഛേദവുമായി കൂട്ടിവായിക്കുന്ന പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മുൻപറഞ്ഞ വിജ്ഞാപനത്തിൽ "(ഡി) 2010 ജനുവരി 28 (വ്യാഴം) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും" എന്നത് താഴെ പറയുംപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു , അതായത് -

## <u>ഭേദഗതി</u>

"(ഡി) 2010 ഫെബ്രുവരി 4 (വ്യാഴം) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും" ;

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

**ബി. ശ്രീദേവി**
സെക്രട്ടറി
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ